# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **2122**

**17.02.2016**- ലെ മറുപടിക്ക്

## സഹകരണ അപ്പക്സ് സംഘങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ.പി.ജയരാജൻ**<br>**,, കോലിയക്കോട് എൻ.കൃഷ്ണൻ നായർ**<br>**പ്രൊഫ. സി.രവീന്ദ്രനാഥ്**<br>**ശ്രീമതി. കെ. കെ. ലതിക** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ അപ്പക്സ് സംഘങ്ങളുടെ പ്രവർത്തനം അവലോകനം നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. 17.12.2015 ന് സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗം കൂടിയിട്ടുണ്ട്. |
| ബി) അപ്പക്സ് സംഘങ്ങളിൽ നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതൊക്കെയാണെന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഏതൊക്കെയാണെന്നും വിശദമാക്കാമോ; | (ബി) ടൂർഫെഡ്, കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക് എന്നിവ ലാഭത്തിൽ പ്രവർത്തിക്കുന്നവയും, സംസ്ഥാന സഹകരണ ബാങ്ക്, കൺസ്യൂമർഫെഡ്, എസ്.സി/ എസ്.റ്റി ഫെഡറേഷൻ, ഹോസ്പിറ്റൽ ഫെഡറേഷൻ, റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ്, വനിതാഫെഡ്, ഹൗസ് ഫെഡ് എന്നിവ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുമാണ്. |
| സി) കാർഷിക/ഭവന/ഉപഭോക്തൃ/വിപണന/ എസ്.സി - എസ്.ടി/ വനിത മേഖലകളിലെ അപ്പക്സ് സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമാണ്; ഇവയുടെ വളർച്ച ലക്ഷ്യമാക്കിക്കൊണ്ട് ഈ സർക്കാർ നടപ്പാക്കിയ പദ്ധതികളെയും അവയുടെ നിജസ്ഥിതിയെയും സംബന്ധിച്ച് വിശദമാക്കാമോ; | (സി) ഇതു സംബന്ധിച്ച് താഴെപ്പറയുന്ന അപ്പക്സ് സംഘങ്ങളിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>**<u>സംസ്ഥാന സഹകരണ ബാങ്ക്</u>**<br><br>സംസ്ഥാന കാർഷിക വായ്പ മേഖലയിലെ അപ്പക്സ് ബാങ്കാണിത്. ത്രിതല സംവിധാനത്തിൽ കാർഷിക വായ്പ നൽകിവരുന്ന ബാങ്ക് നബാർഡിൽ നിന്നും ലഭിക്കുന്ന കാർഷിക പുനർ വായ്പ അംഗ സംഘങ്ങൾക്ക് നൽകി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നുണ്ട്. ബാങ്ക് മറ്റ് അപ്പക്സ് സ്ഥാപനങ്ങൾക്ക് നൽകിയ വായ്പകളിൽ കുടിശ്ശിക ബാക്കി നിൽപ്പുണ്ട്. ഇത് ബാങ്കിന്റെ കുടിശ്ശിക വർദ്ധിക്കുന്നതിനും നഷ്ടത്തിനും കാരണമാകുന്നുണ്ട്. |

...........2

**കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്**

സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പുനർവായ്പാ പദ്ധതികൾക്ക് വേണ്ട സാമ്പത്തിക സഹായം ലഭിക്കുന്നത് നബാർഡിൽ നിന്നുമാണ്. പുനർ വായ്പ നബാർഡിൽ നിന്നും ലഭിക്കണമെങ്കിൽ സർക്കാർ ഗ്യാരന്റി നിൽക്കേണ്ടതുണ്ട്. ഗ്യാരന്റി സംബന്ധിച്ച് ചില പ്രശ്നങ്ങളുള്ളതിനാൽ ബാങ്ക് കൊടുത്ത വായ്പകൾക്ക് നബാർഡിൽ നിന്നും പുനർവായ്പ കിട്ടാത്ത അവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്.

സർക്കാർ ഗ്യാരന്റി നിൽക്കുന്നതിന് വർഷാവർഷം നിൽപ്പ വായ്പയുടെ 0.75% ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ സർക്കാരിലേക്ക് അടയ്ക്കേണ്ടതുണ്ട്. ഇത് ബാങ്കിനെ സംബന്ധിച്ചിടത്തോളം ഒരു ഭീമമായ തുകയാണെന്ന് പരാതി ഉയർന്നതിനാൽ സർക്കാരിന് ലഭിക്കേണ്ട ഗ്യാരന്റി കമ്മീഷൻ അധിക ഗ്യാരന്റിക്ക് 0.25% കുറവു വരുത്തി സർക്കാർ ഉത്തരവു നൽകിയിട്ടുണ്ട്. Ceiling on Government Guarantee Act ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നു.

2014-15 ൽ ബാങ്കിന്റെ ലാഭം 23.41 കോടി രൂപയും, ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ സർക്കാരിലേക്ക് ബാങ്ക് അടയ്ക്കേണ്ട തുക 29.20 കോടി രൂപയുമാണ്.

സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് മുമ്പ് അനുവദിച്ചിരുന്ന ഹ്രസ്വകാല കാർഷിക വായ്പയുടെ interest subvention പിൻവലിച്ചതു കാരണം കർഷകർക്ക് ഹ്രസ്വകാല വായ്പ ഉയർന്ന പലിശ നിരക്കിൽ മാത്രമേ നൽകാൻ കഴിയുന്നുള്ളൂ.

വിദ്യാഭ്യാസ വായ്പയ്ക്ക് കേന്ദ്ര സർക്കാർ നൽകി വരുന്ന പലിശയിളവ് ബാങ്കിന്റെ വായ്പക്കാർക്ക് ലഭ്യമാക്കുവാൻ കഴിയുന്നില്ല.

ഈ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് ഈ കാലയളവിൽ Deposit Mobilisation Scheme, Monthly Savings Scheme എന്നിവ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

............3

## ഹൗസ് ഫെഡ്

ഫെഡറേഷന്റെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുക്കുമ്പോൾ നിർണ്ണയിക്കുന്ന പലിശനിരക്ക് താരതമ്യേന കൂടുതലാകയാൽ ടി നിരക്കിനോടൊപ്പം ഫെഡറേഷന്റെയും സംഘത്തിന്റെയും പലിശ മാർജിൻ കൂടി ചേർത്ത് വായ്പ അനുവദിച്ച നൽകുമ്പോൾ പലിശ നിരക്ക് മറ്റ് സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന വായ്പ പലിശ നിരക്കിനേക്കാൽ കൂടുന്നത് പ്രശ്നമാകുന്നു.

പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വായ്പ നൽകുകയും എന്നാൽ ടി സംഘങ്ങൾ വായ്പ തിരിച്ചടയ്ക്കാതിരിക്കുകയും ചെയ്യുന്നതിനാൽ വായ്പക്കാർക്ക് പ്രമാണം തിരികെ നൽകുവാൻ കഴിയുന്നില്ല. ഇത് ധാരാളം പരാതികൾക്ക് ഇടയാക്കുന്നു.

## കൺസ്യൂമർ ഫെഡ്

ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായ കൺസ്യൂമർ ഫെഡിന്റെ പ്രധാന പ്രശ്നം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയാണ്.

കൺസ്യൂമർ ഫെഡിന്റെ മികച്ച പ്രവർത്തനം ലക്ഷ്യമാക്കിക്കൊണ്ട് കൺസ്യൂമർ ഫെഡറേഷന്റെ കീഴിൽ ത്രിവേണി വിഭാഗത്തിൽ മെഗാ മാർട്ടുകൾ, സൂപ്പർ മാർക്കറ്റുകൾ, മിനി ത്രിവേണി, ലിറ്റിൽ ത്രിവേണി സൂപ്പർ സ്റ്റോറുകൾ എന്നിവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിച്ച് അവയിലൂടെ എല്ലാ ഇനത്തിൽപ്പെട്ട ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നു. കൂടാതെ, എല്ലാ നിയോജക മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിച്ച് ഉപഭോക്താക്കളുടെ വീട്ടുപടിക്കൽ സാധനങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. കരമാർഗ്ഗമുള്ള ഗതാഗത സൗകര്യം കുറഞ്ഞവയും ഉപഭോക്താക്കൾ ജലമാർഗ്ഗമുള്ള ഗതാഗതത്തെ ആശ്രയിക്കുന്ന സ്ഥലങ്ങളിൽ ഒഴുകുന്ന ത്രിവേണി സ്റ്റോറുകളും ആരംഭിച്ച് ഉപഭോക്താക്കൾക്ക് സേവനം നൽകിവരുന്നു.

............4

**റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ്**

പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത, റബ്ബർ സംഭരണ വകയിൽ ഉണ്ടായ നഷ്ടം, ജീവനക്കാരുടെ കുറവ്, കാർഷികോൽപ്പന്നങ്ങളുടെ വിലക്കുറവ് എന്നിവയാണ് ഈ സംഘങ്ങൾ നേരിടുന്ന വെല്ലുവിളികൾ.

**എസ്.സി/എസ്.റ്റി ഫെഡറേഷൻ**

പ്രവർത്തന മൂലധനത്തിന്റെ അഭാവവും ജീവനക്കാരുടെ കുറവും കാരണം ഫെഡറേഷന്റെ പ്രവർത്തനം ഉദ്ദേശിക്കുന്ന തലത്തിൽ എത്തിക്കാനാവുന്നല്ല.

പ്രവർത്തനം മെച്ചപ്പെടുത്താനായി ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിച്ചു വരുന്ന ആയുർധാര ഫാർമസ്യൂട്ടിക്കൽസിന്റെ പ്രവർത്തനത്തിനായി 2012-2013 വർഷത്തിൽ 1 കോടി രൂപയും, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിച്ചു വരുന്ന ജീവനക്കാർക്കായി 2013-2014, 2014-2015, 2015-2016 വർഷങ്ങളിൽ 25 ലക്ഷം രൂപ വീതവും, ഫെഡറേഷന്റെ കീഴിലുള്ള പെട്രോൾ പമ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് 20 ലക്ഷം രൂപയും, പഞ്ചകർമ്മ സെന്ററുകളുടെ പ്രവർത്തനത്തിനായി 20 ലക്ഷം രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

**വനിതാ ഫെഡ്**

സാമ്പത്തിക പ്രതിസന്ധി കാരണം പ്രോജക്ടുകൾ നടപ്പാക്കാനാവുന്നില്ല.

(ഡി) അപ്പക്സ് സംഘങ്ങളുടെ കീഴിലുള്ള അംഗസംഘങ്ങളിൽ എത്ര ശതമാനം പ്രവർത്തനരഹിതമോ നഷ്ടത്തിലോ ലിക്വിഡേഷനിലോ ആയിട്ടുണ്ട്; വിശദമാക്കാമോ?

(ഡി) പ്രവർത്തന രഹിതമായവ : 8%
നഷ്ടത്തിൽ പ്രവർത്തിക്കുന്നവ : 53%
ലിക്വിഡേഷനിലായവ : 2%

സെക്ഷൻ ഓഫീസർ